പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1794 | 04.12.2015 ൽ മറുപടിയ്ക്ക് |
|---|---|
| **ട്രാൻസ് ജെൻഡർ വിഭാഗത്തിൽപ്പെട്ടവരുടെ തൊഴിൽ പ്രശ്നങ്ങൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീമതി.ഗീതാ ഗോപി** | **ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) ട്രാൻസ് ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്ക് സംസ്ഥാന സർവ്വീസിൽ ഉൾപ്പെടെ നിയമനം ലഭിക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഇത്തരക്കാർക്ക് സാധാരണക്കാർക്ക് ലഭിക്കുന്ന നീതി ലഭ്യമാക്കുവാൻ നിയമനിർമ്മാണമുൾപ്പെടെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;<br>(സി) ഈ വിഷയത്തിൽ എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ബി) & (സി) ട്രാൻസ് ജെൻഡർ വിഭാഗത്തിനായി നിയമനിർമ്മാണങ്ങൾ നടത്തിയിട്ടില്ല. എന്നാൽ ടി വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ട്രാൻസ് ജെൻഡർ പോളിസിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. സമത്വത്തിനുള്ള അവകാശം അതിക്രമങ്ങളിൽ നിന്ന് മോചനം നേടുന്നതിനും അഭിമാനത്തോടുകൂടി ജീവിക്കുന്നതിനുമുള്ള അവകാശം, വികസനത്തിൽ തുല്യ അഭിപ്രായവും പങ്കാളിത്തവും ഉറപ്പാക്കുക, അഭിപ്രായ സ്വാതന്ത്ര്യം ഉറപ്പാക്കുക എന്നിവയിൽ അധിഷ്ഠിതമായ ഒരു സമീപനമാണ് ട്രാൻസ് ജെൻഡർ പോളിസിയിൽ സ്വീകരിച്ചിരിക്കുന്നത്. ട്രാൻസ് ജെൻഡർ ജസ്റ്റിസ് ബോർഡും ട്രാൻസ് ജെൻഡർ ഹെൽപ്പ് ലൈനും സ്ഥാപിക്കുമെന്ന് പോളിസിയിൽ പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ ട്രാൻസ് ജെൻഡർ പോളിസി സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകളുടെ ചുമതലകളും ടി പോളിസിയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ